ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
**മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ്**
**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവായിൽ**
നിന്നും നമ്മുടെ അധികാരത്തിൻകീഴിലുള്ള മേൽപ്പട്ടക്കാർക്കും
കോർഎപ്പിസ്ക്കോപ്പാമാർക്കും റമ്പാന്മാർക്കും പട്ടക്കാർക്കും
ശെമ്മാശ്ശഗണത്തിനും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്.

Prot. No. CPL 2/2026

*സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും*
*സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രീയേക ദൈവത്തിനു സ്തുതി.*

**96-ാം പുനരൈക്യവാർഷികവും സഭാസംഗമവും**

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാച്ചന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ 96-ാം പുനരൈക്യ വാർഷികവും സഭാസംഗമവും ഈ വർഷം ഉത്സാഹപൂർവ്വം നാം ആചരിക്കുകയാണ്. 1930 സെപ്റ്റംബർ 20ന് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ ആരംഭിച്ച പുനരൈക്യപ്രസ്ഥാനം നമ്മുടെ സഭയുടെ ചരിത്രത്തിലെ ഒരു നിർണായക വഴിത്തിരിവായിരുന്നു. പിതാവിന്റെ ദർശനവും സമർപ്പണവും സാക്ഷ്യവും സഭയ്ക്ക് സമ്മാനിച്ച പുനരൈക്യത്തിന്റെ ആത്മാവ് ഇന്നും നമ്മുടെ യാത്രയ്ക്ക് വഴികാട്ടിയാണ്. പുനരൈക്യം എന്നത് ചരിത്രത്തിലെ ഒരു സംഭവത്തിന്റെ ഓർമ്മപ്പെടുത്തൽ മാത്രമല്ല. ക്രിസ്തുവിൽ ഒന്നായി, പരസ്പരം സ്നേഹിച്ച്, സമൂഹത്തിൽ ക്രിസ്തുവിന്റെ സ്നേഹത്തിന്റെയും കരുണയുടെയും സാക്ഷികളായി ജീവിക്കാനുള്ള നിരന്തരമായ വിളിയാണത്. കഴിഞ്ഞ വർഷങ്ങളിലെ പുനരൈക്യ വാർഷികങ്ങൾ

ആ ചരിത്രത്തിന്റെ ഓർമ്മ പുതുക്കുന്നതിനൊപ്പം സഭയുടെ ഐക്യവും നവീകരണവും കൂടുതൽ ശക്തിപ്പെടുത്താനുള്ള അവസരങ്ങളായി മാറിയിട്ടുണ്ട്. ഐക്യം ഒരു ആഘോഷവേദിയിൽ മാത്രം പ്രകടമാക്കേണ്ട ഒന്നല്ല. അത് നമ്മുടെ കുടുംബങ്ങളിൽ അനുഭവപ്പെടണം, ഇടവകകളിൽ ദൃശ്യമാകണം, യുവജനങ്ങളുടെ ജീവിതത്തിൽ പ്രതിഫലിക്കണം, സമൂഹത്തോടുള്ള നമ്മുടെ സമീപനത്തിൽ തെളിയണം. യഥാർത്ഥ പുനരൈക്യം നമ്മെ ഒരുമിച്ച് ദൗത്യത്തിലേക്ക് നയിക്കുന്ന അനുഭവമായി മാറണം. ധന്യൻ മാർ ഇവാനിയോസ് പിതാവിന്റെ ജീവിതവും സത്യാന്വേഷണവും ഐക്യത്തിനായുള്ള സമർപ്പണവും ഇന്നും നമുക്ക് പ്രചോദനമാണ്. ആ പൈതൃകത്തെ നമ്മുടെ ജീവിതത്തിൽ പുനരാവിഷ്കരിക്കുകയാണ് നമ്മുടെ ഇന്നത്തെ ധർമ്മം.

**96-ാം പുനരൈക്യവാർഷിക ആഘോഷങ്ങൾ**

96-ാം പുനരൈക്യ വാർഷികം 2026 സെപ്തംബർ 17,18,19 തിയതികളിൽ മാർ തോമാശ്ലീഹായുടെ കബറിടം സ്ഥിതിചെയ്യുന്ന മൈലാപ്പൂരിന് സമീപമുള്ള ചെന്നൈയിലെ മുഗപ്പേറിലുള്ള മാർ ഈവാനിയോസ് നഗറിൽ (മാർ ഗ്രിഗോറിയോസ് കോളേജ് കാമ്പസ്) ക്രമീകരിക്കുകയാണ്. സെന്റ് എഫ്രേം ഖട്കി-പൂനെ ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ ക്രമീകരിക്കുന്ന ഈ വർഷത്തെ പുനരൈക്യ വാർഷികാഘോഷവും സഭാസംഗമവും ഏറെ അനുഗ്രഹപ്രദമാകുന്നതിനായി ഏവരും പ്രാർത്ഥിക്കണം. 2015 ൽ ഒരു എക്സാർക്കേറ്റ് ആയി സ്ഥാപിതമായ ഖഡ്കി-പൂനെ, 2019 ൽ ഖഡ്കി-പൂനെ സെന്റ് എഫ്രേം ഭദ്രാസനമായി മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ ഉയർത്തപ്പെട്ടു. പ്രവാസികളുടെ ഇടയിൽ ആരംഭിച്ച ഈ ഭദ്രാസനത്തിലൂടെ സഭയ്ക്കും സമൂഹത്തിനും കരഗതമായ അനുഗ്രഹങ്ങളെ ഓർത്ത് ദൈവത്തിന് നന്ദി അർപ്പിക്കുന്നു. ഈ ഭദ്രാസനത്തിലെ മിഷൻ പ്രദേശങ്ങളിൽ നിന്ന് ധാരാളം ആളുകൾ നമ്മുടെ കൂട്ടായ്മയിലേക്ക് വന്നുകൊണ്ടേയിരിക്കുന്നു. അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും ഈ പുനരൈക്യ വാർഷിക സഭാസംഗമ ആഘോഷങ്ങൾ അവർക്ക് ഒരു പ്രചോദനമായിത്തീരട്ടെ എന്ന് ആശംസിക്കുന്നു.

ഈ ആഘോഷങ്ങൾക്ക് നേതൃത്വം നൽകുന്ന അഭിവന്ദ്യ മാത്യൂസ് മാർ പക്കോമിയോസ് മെത്രാപ്പോലിത്തായേയും, ബഹു. വൈദികരേയും, സന്യസ്തരേയും ദൈവജനത്തേയും ദൈവസന്നിധിയിൽ സമർപ്പിക്കുകയും ചെയ്യുന്നു. ആഘോഷമായ പരിശുദ്ധ കുർബാന,

പരി. കുർബാനയുടെ ആരാധന, വചന പ്രഘോഷണം, വിവിധ സംഗമങ്ങൾ, എന്നിവയിൽ നിങ്ങളേവരുടെയും സജീവ പങ്കാളിത്തം ഉറപ്പുവരുത്തണമെന്ന് പ്രത്യേകം ഓർമിപ്പിക്കട്ടെ. ഈ വർഷം വ്യത്യസ്തമായി പൊതുക്രമീകരണത്തിന് വരുത്തിയിരിക്കുന്ന മാറ്റങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തട്ടെ. സെപ്തംബർ 17, വ്യാഴാഴ്ച വൈകുന്നേരം 5 മണിക്ക് കൊടിയേറ്റ്, ദീപശിഖ, ഛായാചിത്രം, കാതോലിക്കേറ്റ് പതാക സ്വീകരണം. 5.45-ന് ഗാനസന്ധ്യ, സുവിശേഷ സന്ധ്യ, ആരാധന എന്നിവ നടത്തപ്പെടുന്നു. 18-ാം തിയതി വെള്ളിയാഴ്ച ഉച്ചയ്ക്കുശേഷം 2 മണി മുതൽ വിവിധ ഭക്തസംഘടനകളുടെ (MCA & MCMF, MCYM, MCCL) സംഗമങ്ങളും വൈകുന്നേരം 5.45-ന് ഗാനസന്ധ്യ, സുവിശേഷ സന്ധ്യ, ആരാധന എന്നിവ ക്രമീകരിച്ചിരിക്കുന്നു. 19-ന് ശനിയാഴ്ച രാവിലെ 8 മണിക്ക് ആരാധനക്രമപരമായ പ്രദക്ഷിണം, മൂന്നാം മണിയുടെ പ്രാർത്ഥന, ആഘോഷമായ വി. സമൂഹബലി, 10.30ന് പൊതു സമ്മേളനം, തുർന്നുള്ള സ്നേഹവിരുന്നോടെ 2026-ലെ പുനരൈക്യ വാർഷിക - സഭാസംഗമം പൂർണമാകും.

**പുനരൈക്യ ശതാബ്ദി : ഉപവി-നീതി വർഷ ഉദ്ഘാടനം**

96-ാം പുനരൈക്യ വാർഷികത്തോടനുബന്ധിച്ച് പുനരൈക്യ ശതാബ്ദിയിലേക്കുള്ള ഉപവി-നീതി വർഷത്തിന് (Year of Charity and Justice) ഔദ്യോഗികമായി തുടക്കം കുറിക്കുകയാണ്. പുനരൈക്യത്തിന്റെ അനുഗ്രഹീതമായ പൈതൃകത്തെ നന്ദിയോടെ സ്മരിച്ചുകൊണ്ട്, ശതാബ്ദിയിലേക്കുള്ള നമ്മുടെ യാത്രയെ ആത്മീയ നവീകരണത്തിന്റെയും സഭാജീവിതത്തിന്റെ ആഴപ്പെടുത്തലിന്റെയും പുതിയ ദൗത്യബോധത്തിന്റെയും കാലഘട്ടമാക്കി മാറ്റുകയാണ് ഈ വർഷത്തിന്റെ ലക്ഷ്യം. ഉപവി-നീതി വർഷത്തിലൂടെ പ്രാർത്ഥനയിലും അനുതാപത്തിലും ആത്മീയ നവീകരണത്തിലും കൂടുതൽ ആഴപ്പെടുവാനും, ക്രിസ്തുവിന്റെ സ്നേഹവും കരുണയും നമ്മുടെ ജീവിതത്തിലും കുടുംബങ്ങളിലും ഇടവകകളിലും സമൂഹത്തിലും സജീവമാക്കുവാനും നാം വിളിക്കപ്പെട്ടിരിക്കുന്നു. ഉപവി ഒരു പരിപാടിയല്ല, ക്രിസ്തീയ ജീവിതത്തിന്റെ സ്വഭാവമാണ്; ഉപവി ഒരു ആചാരമല്ല, ദൈവത്തിലേക്ക് ഹൃദയം തിരിക്കുന്ന ആത്മീയ യാത്രയാണ്. അതിനാൽ ഉപവിക്കായുള്ള ഈ ആത്മീയ ആഹ്വാനങ്ങളെ, സഭാസംഗമത്തിന്റെ കൂട്ടായ്മയോടും പുനരൈക്യ വാർഷികത്തിന്റെ ഓർമ്മയോടും ചേർത്തുകൊണ്ട്, ഒരുമിച്ച് പ്രാർത്ഥിക്കുകയും പരസ്പരം കരുതുകയും

ആവശ്യത്തിലിരിക്കുന്നവരിലേക്ക് സ്നേഹത്തോടെ എത്തിച്ചേരുകയും നമ്മുടെ സമയവും കഴിവുകളും സമ്പത്തും പങ്കുവയ്ക്കുകയും ചെയ്യുന്ന ഒരു പുതിയ സഭാജീവിതത്തിന് നമുക്ക് തുടക്കം കുറിക്കാം. ഒരു രോഗിക്ക് ആശ്വാസമാകുന്നതിലും, ഏകാന്തത അനുഭവിക്കുന്ന വ്യക്തിക്ക് കൂട്ടായ്മ നൽകുന്നതിലും, ഒരു നിർധന കുടുംബത്തിന് കൈത്താങ്ങാകുന്നതിലും, ഒരു വിദ്യാർത്ഥിയുടെ പഠനത്തിന് സഹായമാകുന്നതിലും, വേദനിക്കുന്നവനോടൊപ്പം നിൽക്കുന്നതിലും ക്രിസ്തുവിന്റെ കാരുണ്യത്തിന്റെ മുഖം പ്രതിഫലിക്കട്ടെ. നീതി ലഭിക്കുക എന്നുള്ളത് എല്ലാവരുടെയും അവകാശമാണ് എന്ന ബോധ്യം ശക്തിപ്പെടേണ്ടിയിരിക്കുന്നു. പുനരൈക്യ ശതാബ്ദിയിലേക്കുള്ള ഈ യാത്ര നമ്മുടെ ആത്മീയ നവീകരണത്തിന്റെയും, കാരുണ്യത്തിന്റെ വളർച്ചയുടെയും, സഭൈക്യത്തിന്റെയും, സജീവ സാക്ഷ്യത്തിന്റെയും യാത്രയായി മാറട്ടെ. 2030-ലെ പുനരൈക്യ ശതാബ്ദി ആഘോഷത്തിനു മുൻപ് നമ്മുടെ എല്ലാ ഭദ്രാസനങ്ങളിലും സ്വന്തമായി ഭവനമില്ലാത്തവരെ തിരിച്ചറിഞ്ഞ് അവരെ സഹായിക്കുന്നതിന് അതാത് ഭദ്രാസനങ്ങൾ പ്രത്യേകം താല്പര്യമെടുക്കണം എന്നത് പരിശുദ്ധ സൂന്നഹദോസിന്റെ ഒരു പ്രത്യേക നിർദ്ദേശമായി എല്ലാവർക്കും നൽകപ്പെട്ടതാണ്. അത് ഗൗരവമായി എല്ലാ ഭദ്രാസനങ്ങളും പരിഗണിക്കണമെന്ന് ഞാൻ സ്നേഹപൂർവ്വം ഏവരെയും ഓർമ്മപ്പെടുത്തുന്നു. അങ്ങനെ 96-ാം പുനരൈക്യ വാർഷികവും സഭാസംഗമവും ഒരു ചരിത്രസ്മരണയായി മാത്രം അവശേഷിക്കാതെ, ഒരുമയിൽ നിന്ന് ദൗത്യത്തിലേക്ക്, ദൗത്യത്തിൽ നിന്ന് കാരുണ്യത്തിലേക്ക്, കാരുണ്യത്തിൽ നിന്ന് ക്രിസ്തുവിന്റെ സാക്ഷ്യത്തിലേക്ക് നയിക്കുന്ന ഒരു പുതിയ സഭാജീവിതത്തിന്റെ തുടക്കമാകട്ടെ.

നമ്മുടെ എല്ലാ ഭദ്രാസനങ്ങളിൽനിന്നും മിഷൻ കേന്ദ്രങ്ങളിൽ നിന്നും സമർപ്പിത ഭവനങ്ങളിൽനിന്നും സാധിക്കുന്നവരെല്ലാം 2026 സെപ്തംബർ 17,18,19 ന് ചെന്നൈയിലെ മുഗപ്പേരിൽ മാർ ഈവാനിയോസ് നഗറിൽ (മാർ ഗ്രിഗോറിയോസ് കോളേജ് കാമ്പസിൽ) നടത്തപ്പെടുന്ന പുനരൈക്യ വാർഷികാഘോഷങ്ങളിൽ സജീവമായി പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കണമെന്ന് ഏവരേയും സ്നേഹപൂർവം ഞാൻ ഉദ്ബോധിപ്പിക്കുന്നു. പുനരൈക്യ വാർഷികദിനത്തിലെ വി.കുർബാനയിൽ എടുക്കുന്ന സ്തോത്രക്കാഴ്ച ഈ വർഷത്തെ പുനരൈക്യവാർഷികത്തിന് ആതിഥേയത്വം വഹിക്കുന്ന ഖഡ്കി-പൂനെ സെന്റ് എഫ്രേം മലങ്കര സുറിയാനി കത്തോലിക്കാ ഭദ്രാസന

ത്തിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നൽകുന്നതാണ്. വി. കുർബാനയിൽ സംബന്ധിക്കുന്ന ആരാധനാസമൂഹം മുഴുവൻ ഈ സമർപ്പണത്തിന് തയ്യാറായി വരണമെന്ന് സ്നേഹത്തോടെ ഞാൻ ഓർമിപ്പിക്കുന്നു. നമ്മുടെ കൂടിവരവിനെ സഭാസ്നേഹത്തിന്റെ സജീവസാക്ഷ്യമായി വളർന്നുവരുന്ന തലമുറയിലേക്ക് പകർന്നുനൽകാം. വാർഷികാഘോഷങ്ങളിലെ ചെലവുകളിലേയ്ക്ക് ഔദാര്യപൂർവ്വം സഹായം നൽകാൻ ഏവരേയും ഞാൻ ഉദ്ബോധിപ്പിക്കുന്നു.

പിയപ്പെട്ടവരേ, 96-ാം പുനരൈക്യ വാർഷികവും സഭാസംഗമവും, നമ്മുടെ സഭയുടെ അനുഗ്രഹീതമായ പൈതൃകത്തെ നന്ദിയോടെ സ്മരിക്കുന്നതിനൊപ്പം, പുനരൈക്യ ശതാബ്ദിയിലേക്കുള്ള നമ്മുടെ യാത്രയ്ക്ക് പുതിയ ആത്മീയ ഉണർവ് പകരുന്ന അവസരമാകട്ടെ. ഉപവി-നീതി വർഷത്തിലൂടെ ദൈവസന്നിധിയിലേക്ക് കൂടുതൽ ആഴത്തിൽ തിരിയാനും, സഹോദരങ്ങളുടെ വേദനകളിലേക്കും ആവശ്യങ്ങളിലേക്കും സ്നേഹത്തോടെ ഇറങ്ങിച്ചെല്ലാനും നമുക്ക് സാധിക്കണം. നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും സമൂഹത്തിലും ക്രിസ്തുവിന്റെ കാരുണ്യവും സ്നേഹവും പങ്കുവയ്ക്കുന്ന ഒരു സഭയായി വളരുവാൻ ഈ വർഷത്തെ ആഘോഷങ്ങൾ നമ്മെ പ്രചോദിപ്പിക്കട്ടെ. പുനരൈക്യത്തിന്റെ പൈതൃകം നമ്മുടെ ഹൃദയങ്ങളിൽ പുതുക്കപ്പെട്ട വിശ്വാസമായും ഉപവിയുടെ ആത്മാവ് വിശുദ്ധമായ ജീവിതമായും ജീവിക്കുന്ന സാക്ഷ്യമായും മാറട്ടെ. നമ്മുടെ ഇന്നത്തെ വിശ്വാസജീവിതം നാളെയുടെ സഭയ്ക്കുള്ള ഏറ്റവും മഹത്തായ സമ്മാനമാകട്ടെ. പുനരൈക്യ ശതാബ്ദിയിലേക്കുള്ള ഈ അനുഗ്രഹീത യാത്രയിൽ നാം എല്ലാവരും ഒരേ ഹൃദയത്തോടും ഒരേ വിശ്വാസത്തോടും ഒരേ ദൗത്യബോധത്തോടും കൂടി മുന്നേറട്ടെ.

പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർത്തോമ്മാ ശ്ലീഹായുടെയും ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെയും സകല വിശുദ്ധരുടെയും മാധ്യസ്ഥ്യത്താൽ നമ്മുടെ സഭയെയും സഭാമക്കളെയും സർവ്വശക്തനായ ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ. 96-ാം പുനരൈക്യ വാർഷികവും സഭാസംഗമവും പുനരൈക്യ ശതാബ്ദിയിലേക്കുള്ള ഉപവി-നീതി വർഷവും നമ്മുടെ സഭാജീവിതത്തിൽ നവീകരണത്തിന്റെയും ഐക്യത്തിന്റെയും കാരുണ്യത്തിന്റെയും പുതിയ അദ്ധ്യായത്തിന് തുടക്കമാകട്ടെ.

കർത്താവിന്റെ സമാധാനവും അനുഗ്രഹവും നിങ്ങളോരോരുത്തരുടെയും നിങ്ങളുടെ കുടുംബങ്ങളുടെയും, സമൂഹങ്ങളുടെയും മേൽ സമൃദ്ധമായി ഉണ്ടാകട്ടെ.

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി,



✠ **കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്

കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം
29.08.2026

---

*N.B.: ഈ ഇടയലേഖനം അടുത്തുവരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.*